(സി) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയുടെ ചട്ടങ്ങൾക്ക് വിധേയ മായിട്ടാണ് ടി നിധിയിൽ നിന്നും തുക ചെലവഴിക്കുന്നത്.

സുനാമി ദുരന്തമേഖലയിൽ പുതുതായി വീടുകൾ വയ്ക്കരുതെന്ന നിർദ്ദേശം

80 [1813] *ശ്രീ. വർക്കല കഹാർ :*

„ *കെ. എ. ചന്ദ്രൻ :*

„ *സി. പി. മുഹമ്മദ് :*

„ *കെ. സുധാകരൻ :* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുനാമി ദുരന്തമുണ്ടായ മേഖലയിൽ കടൽ കയറ്റ സാദ്ധ്യതയുള്ളതിനാൽ അവിടെ പുതുതായി വീടുകൾ വയ്ക്കരുതെന്ന് സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് അറിയിച്ചിരുന്നുവോ;

(ബി) എങ്കിൽ അത്തരം സ്ഥലങ്ങളിൽ പുനരധിവാസത്തിനായി പുതിയ വീടുകൾ നിർമ്മിക്കുകയുണ്ടായോ;

(സി) എങ്കിൽ വിശദാംശം നൽകുമോ;

(ഡി) ഈ വീടുകൾ നാശനഷ്ടമുണ്ടാകാതിരിക്കുവാൻ എന്തു നടപടിയെടുക്കാ നുദ്ദേശിക്കുന്നു?

ഉത്തരം

(എ) ഇത്തരം നിർദ്ദേശം സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസിൽ നിന്നും ലഭിച്ചിട്ടില്ല.

(ബി), (സി) & (ഡി) സുനാമി ദുരന്തമേഖലയിലെ ആളുകളുടെ പുനരധിവാസ ത്തിനായി പുതിയ വീടുകൾ നിർമ്മിക്കുന്ന സ്ഥലം എൽ.ബി.എസ്. സെന്റർ ഫോർ സയൻസ് ആന്റ് ടെക്നോളജി എന്ന സ്ഥാപനം ആവശ്യമായ മണ്ണ് പരിശോധന നടത്തുകയുണ്ടായി. ആയതിന്റെ അടിസ്ഥാനത്തിൽ ലഭിച്ച റിപ്പോർട്ടിന്റെയും നിർദ്ദേശങ്ങളുടെയും വെളിച്ചത്തിൽ ടി പ്രദേശത്ത് പൈലിങ്ങ് നടത്തി ഡിസാസ്റ്റർ റസിസ്റ്റന്റ് വീടുകൾ സുനാമി ബാധിതർക്ക് നിർമ്മിച്ചു വരുന്നു.

സുനാമി ബാധിത പ്രദേശങ്ങളിൽ ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പിന്റെ പ്രവർത്തനങ്ങൾ

81 [1814] *ഡോ. എം. എ. കുട്ടപ്പൻ:* താഴെ കാണുന്ന ചോദ്യത്തിന് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

LIBRARY ARCHIVES Kerala Legislative Assembly

ഇറിഗേഷൻ വകുപ്പിന്റെ മേൽനോട്ടത്തിൽ സുനാമി ബാധിത പ്രദേശമായ ഞാറയ്ക്കൽ നിയോജകമണ്ഡലത്തിലെ എടവനക്കാട് പഞ്ചായത്ത് മായ ബസാറിലെ ചാത്തങ്ങാട് തോടിന്റെ പാർശ്വഭിത്തി സംരക്ഷണ പണി ആരംഭിക്കുന്നതിന് ഡിസാസ്റ്റർ മാനേജ്മെന്റ് വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഇക്കാര്യത്തിൽ ജലവിഭവവകുപ്പ് നടപടികൾ സ്വീകരിച്ചു വരികയാണ്.

ദുരിതാശ്വാസത്തിന് കേന്ദ്ര സഹായം

82 [1815] *ശ്രീ. പി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വെള്ളപ്പൊക്കം, വരൾച്ച, സുനാമി തുടങ്ങിയ പ്രകൃതിക്ഷോഭങ്ങളുടെ ഫലമായി എത്ര കോടി രൂപയുടെ നാശനഷ്ടങ്ങൾ കേരളത്തിലുണ്ടായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ;

(ബി) ഇതേ കാലയളവിൽ കേന്ദ്ര സഹായം അഭ്യർത്ഥിച്ചുകൊണ്ട് ഓരോ ഘട്ടത്തിലും സർക്കാർ ആവശ്യപ്പെട്ട സഹായം എത്ര കോടി രൂപ വീതമായിരുന്നു;

(സി) ഓരോ ഘട്ടത്തിലും കേന്ദ്ര സഹായമായി എത്ര കോടി രൂപ വീതം ലഭിക്കുകയുണ്ടായി?

ഉത്തരം

(എ), (ബി) & (സി) വിവരം ശേഖരിച്ചു വരുന്നു.

വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട്

83 [1817] *ഡോ. എം. എ. കുട്ടപ്പൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്ക ദുരിതാശ്വാസ ഫണ്ട് ഉപയോഗിച്ച് നടത്തുന്ന രണ്ട് ലക്ഷം രൂപയ്ക്കുമേൽ എസ്റ്റിമേറ്റ് തുക വരുന്ന പണികൾ ടെൻഡർ ചെയ്യണമെന്ന നിർദ്ദേശം ഉള്ളതിനാൽ പ്രവൃത്തികൾ തടസ്സപ്പെട്ടിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ അവ പരിഹരിക്കുവാൻ സർക്കാരിന്റെ ഭാഗത്തുനിന്നും എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly